ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ അഴിമതി

18 [791] ശ്രീ. കെ. നാരായണക്കുറുപ്പ് :
,, തോമസ് ചാഴികാടൻ :
,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ ഉന്നത ഉദ്യോഗസ്ഥരുടെ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ഇപ്രകാരം അഴിമതി നടത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു ; വിശദാംശം നൽകാമോ ?

ഉത്തരം

(എ, ബി) സംസ്ഥാന പോലീസിലെ പല തലങ്ങളിലുള്ള ഉദ്യോഗസ്ഥരെക്കുറിച്ച് അഴിമതി ആരോപണങ്ങൾ ലഭിക്കാറുണ്ട്. ഇത്തരം ആരോപണങ്ങളെക്കുറിച്ച് വകുപ്പുതല അന്വേഷണം നടത്തി കൂടുതൽ നടപടി ആവശ്യമുള്ളവ വിജിലൻസ് അന്വേഷണം, ശിക്ഷാ നടപടി, സ്ഥലം മാറ്റം എന്നിവയ്ക്ക് വിധേയമാക്കാറുണ്ട്.

ഹവാല പണത്തിന്റെ ഉറവിടം

19 [792] ശ്രീ. ജോണി നെല്ലൂർ:
,, ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അധോലോക സംഘങ്ങളും മത തീവ്രവാദ പ്രസ്ഥാനങ്ങളും ശക്തിയാർജ്ജിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലേക്ക് വന്ന 'ഹവാല' പണം മതതീവ്രവാദ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കുവേണ്ടി വിനിയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അധോലോക സംഘങ്ങളുടെയും മത തീവ്രവാദ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരളത്തിലേക്ക് വന്ന 'ഹവാല' പണം മത തീവ്രവാദ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് വേണ്ടി വിനിയോഗിച്ചതായി തെളിവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly